ഉത്തരം.

(എ) 35.

(ബി) യാതൊരു അവകാശവാദവും നിഷേധിച്ചിട്ടില്ല പണി മുടക്ക് നടത്തിയത്തു്. തീർപ്പു കൊടുക്കുന്ന കാര്യത്തിൽ ശ്രീ. കെ. എം. ജോർജയെക്കൊണ്ടു് പുതിയ ചില വ്യവസ്ഥകളും അംഗീകരിപ്പിക്കുന്നതിനു വേണ്ടിയാണു് തൊഴിലാളികൾ പണിമുടക്കിയതു്.

(സി) (1) കഴിഞ്ഞ ഫെബ്രുവരിമാസം 20-ാം തീയതി ഏകദേശം രാവിലെ പതിനൊന്നുമണി ആയപ്പോൾ തിരുവിതാംകൂർ കർഷകതൊഴിലാളിയൂണിയൻ പ്രസിഡൻറു് വക്കീലു് വൈദ്യനാഥ ചങ്ങനാശ്ശേരി കർഷകതൊഴിലാണിയൂണിയൻ പ്രസിഡൻറു് കല്യാണകൃഷ്ണൻനായരും മറ്റും വന്ന ഒരു കമ്മ്യൂണിസ്റ്റു് സംഘവുമായി ശ്രീ. കെ. എം. ജോർജയുടെ വെള്ളിയാഴ്ചൽ പഞ്ചയിൽ പ്രവേശിച്ചു് ചെങ്കൊടി നാട്ടുകയും, കൊയ്തുകൊണ്ടിരുന്ന തൊഴിലാളികളിൽ നിന്നും നാലു് അരിവാളുകൾ പിടിച്ചുവാങ്ങുകയും, അവരെ ഭയപ്പെടുത്തി ഓടിക്കുകയും, ഏകദേശം 75 രൂപാ വിലവരുന്ന വിളവു് നശിപ്പിക്കുകയും മറ്റും ചെയ്തു. സംഭവത്തെപ്പറ്റി അറിവു് കിട്ടിയതിനാൽ ചങ്ങനാശ്ശേരി പോലിസു് ഇൻസ്പെക്ടർ ഒരു റിസർവ്വ് പാർട്ടിയുമായി സ്ഥലത്തെത്തി അക്രമസക്തരായവരിൽ ചിലരെ അറസ്റ്റു ചെയ്തു.

(2) അറസ്റ്റു ചെയ്യപ്പെട്ടവരിൽ ആരേയും മർദ്ദിക്കുകയുണ്ടായില്ല.

(3) ചോദ്യം ഉദിക്കുന്നില്ല.

Rice imported from other States.

265. [14] **Shri T. S. Ramaswamy:** Will the Minister for Home be pleased to state:

(*a*) the amount and cost of rice imported from other States of India in 1954;

(b) the amount and cost of rice imported from Pakistan;

(*c*) the date on which the consignment of rice reached the Cochin Harbour and the date on which it was taken delivery by the State;

(*d*) the amount of rice which was returned to the Central Government or proposed to be returned to the Central Government in 1954-55;

(*e*) the amount of loss sustained in these transactions?

Answer.

(*a*) The total quantity of rice imported from other States during 1954 was 2,01,324 tons, its total value being Rs. 9,59,49,871.

(b) Arrangements have been made for the import of 30,000 tons rice from Pakistan, and the total cost therefor will be Rs. 1,24,67,776.

(c) The Pakistan rice has been consigned to the State by various shipments reaching Cochin on different dates.

LIBRARY ARCHIVES Kerala Legislative Assembly

(d) The quantity of rice proposed to be returned to the Central Government is 76,000 tons.

(e) The actual loss, if any, can be determined only after the transactions is finalised.

ശമ്പളപരിഷ്ക്കാരം.

266. [19] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 27-11-54-ൽ പുറപ്പെടുവിച്ച എൻ. ജി. ഒ. മാരുടെ ശമ്പളപരിഷ്കരണ ജി. പി. (എസ്. ഐ. 2-30005/54/ സി. എസ്. 27-11-54) യിൽ സെക്രട്ടറിയേറ്റിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സ്റ്റോറ് ഇൻഷ്പറൻസ് ഡിപ്പാർട്ടുമെൻറിനു ബാധകമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ.

(ബി) ഇതിനുമുൻപ് പ്രസ്തുത ഡിപ്പാർട്ടുമെൻറിന് സെക്രട്ടറിയേറ്റിന് അനുവദിച്ചിരുന്ന സകല ആനുകൂല്യങ്ങളും ലഭിച്ചിരുന്നില്ലേ;

(സി) ടൈംസ്കെയിൽ ജി. പി. യിലും മുൻ പതിവുപോലെ പ്രസ്തുത ഡിപ്പാർട്ടുമെൻറിന് സെക്രട്ടറിയേറ്റ് ഓർഡർ കൊടുക്കാതെ അതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുമോ ;

(ഡി) മേൽപ്പറഞ്ഞ തീരുമാനങ്ങൾ തങ്ങളുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് ഹാനികരമാണെന്നു കാണിച്ച് പ്രസ്തുത ഡിപ്പാർട്ടുമെൻറ് ജീവനക്കാരിൽനിന്നും എന്തെങ്കിലും പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(ഇ) പ്രസ്തുത ഡിപ്പാർട്ടുമെൻറ് ജീവനക്കാരുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെൻറിനു സന്മനസ്സുണ്ടാകുമോ ?

ഉത്തരം.

(എ) സ്റ്റോറ് ഇൻഷ്പറൻസ് ഡിപ്പാർട്ടുമെൻറ്, മറ്റു ഡിപ്പാർട്ടുമെൻറുകളെപ്പോലെയാണ് ഗവൺമെൻറ് കണക്കാക്കിയിട്ടുള്ളത്. അതിനാൽ സെക്രട്ടറിയേറ്റിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ആ ഡിപ്പാർട്ടുമെൻറിനുകൂടി ബാധകമാക്കുവാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ബി. യുടെ ഉത്തരം കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി ആൻറ് ഇ.) പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ഗവൺമെൻറ് നിയമിച്ചിട്ടുള്ള 'പേ കമ്മീഷൻറെ' പരിഗണനയ്ക്ക് വയ്ക്കുന്നതും അതിന്മേൽ യുക്തമായ തീരുമാനം എടുക്കുന്നതുമാണ്.

വഴിയുണ്ടാക്കുന്നതിനുള്ള നടപടികൾ

267. [23] ശ്രീ. എൻ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

പത്തനംതിട്ട താലൂക്കിൽ, കോഴഞ്ചേരി ഡിസ്ട്രിക്ടിൽപ്പെട്ട കീക്കൊഴൂർ ഗവൺമെൻറ് പ്രൈമറിസ്കൂളിലേക്ക് കയറി പോകാൻ ഒരു വഴി ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെൻറ് സ്വീകരിക്കുമോ ?

ഉത്തരം.

ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly